LIBRARY ARCHIVES Kerala Legislative Assembly

ലിഫ്റ്റ് ഇറിഗേഷൻ പ്രവർത്തികൾക്കായി പാലക്കാട് ജില്ലയിൽ ഇലക്ട്രിക്കൽ സബ് ഡിവിഷൻ

141(646) ശ്രീ. മുഹമ്മദ് മുഹസിൻ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ലിഫ്റ്റ് ഇറിഗേഷനിലെ ഇലക്ട്രിക്കൽ പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ഒരു ഇലക്ട്രിക്കൽ സബ് ഡിവിഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പാലക്കാട് ജില്ലയിൽ ഒരു ഇലക്ട്രിക്കൽ സബ്ഡിവിഷൻ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ സമർപ്പിച്ചിട്ടുള്ളത് സർക്കാരിൽ പരിശോധിച്ച് വരുന്നു.

(ബി) ആയതിന് സാധിക്കാത്ത പക്ഷം, ഇത്തരം പ്രവൃത്തികൾ പാലക്കാട് പി.ഡബ്ല്യു.ഡി.-ക്ക് കീഴിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പാലക്കാട് ജില്ലയിൽ ഒരു ഇലക്ട്രിക്കൽ സബ്ഡിവിഷൻ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ സമർപ്പിച്ചിട്ടുള്ളത് സർക്കാരിൽ പരിശോധിച്ച് വരുന്നു.

പാലക്കാട് ജില്ലയിലെ ലിഫ്റ്റ് ഇറിഗേഷൻ പ്രവൃത്തികൾ

142(647) ശ്രീ. മുഹമ്മദ് മുഹസിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ലിഫ്റ്റ് ഇറിഗേഷൻ മെക്കാനിക്കൽ പ്രവൃത്തികൾ ഇപ്പോൾ ഏത് ഡിവിഷന്റെ കീഴിലാണ് നടത്തി വരുന്നതെന്ന് അറിയിക്കുമോ?

പി.ഡബ്ല്യു.ഡി; മെക്കാനിക്കൽ ഡിവിഷൻ കോഴിക്കോടിന്റെ കീഴിലാണ് പാലക്കാട് ജില്ലയിലെ ലിഫ്റ്റ് ഇറിഗേഷൻ മെക്കാനിക്കൽ പ്രവൃത്തികൾ നടത്തിവരുന്നത്.

(ബി) മേല്പറഞ്ഞ മെക്കാനിക്കൽ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ ബുദ്ധിമുട്ട് നേരിടുന്നതിനാൽ ആയവ മലമ്പുഴ ഡിവിഷന് കീഴിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിന് കോഴിക്കോട് പി.ഡബ്ല്യു.ഡി. മെക്കാനിക്കൽ ഡിവിഷന്റെ ഭാഗത്തുനിന്നും കാലതാമസം ഉണ്ടാകുന്നതായി കാണുന്നില്ല. കാലതാമസം വരുന്ന പക്ഷം ആയവ പരിഹരിക്കുന്നതിനുള്ള കർശ്ശന നടപടി സ്വീകരിക്കുന്നതാണ്.